**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 300** **27-06-2022 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ റേഷൻ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ വിവിധ പ്രദേശങ്ങളിലേയ്ക്ക് റേഷൻ വിതരണത്തിനുള്ള അരി അങ്ങാടിപ്പുറത്ത് നിലവിലുള്ള ഗോഡൗണിൽ നിന്നും എത്തിയ്ക്കുന്നതിന് പകരം ഒലവക്കോട് ഗോഡൗണിനെ ആശ്രയിക്കുന്നത് സപ്ലൈക്കോയ്ക്ക് പ്രതിമാസം ഭീമമായ നഷ്ടം ഉണ്ടാക്കുന്നുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. അങ്ങാടിപ്പുറം എഫ് സി ഐ ഡിപ്പോയിൽ നിന്ന് ലഭിക്കേണ്ട ധാന്യങ്ങൾ ഒലവക്കോട് എഫ് സി ഐ ഡിപ്പോയിലേക്ക് ഡൈവേർട്ട് ചെയ്തു വരുന്ന നടപടി എഫ് സി ഐ യുടെ മാത്രം തീരുമാനപ്രകാരമുള്ളതാണ്. കടത്തുകൂലിയിനത്തിൽ നഷ്ടമുള്ളതിനാലും സമയബന്ധിതമായി ലോഡുകൾ വിട്ടുകിട്ടാത്ത സാഹചര്യമുള്ളതിനാലും പ്രസ്തുത ഡൈവേർഷൻ ഒഴിവാക്കുന്നതിന് എഫ് സി ഐ യോട് അഭ്യർത്ഥിച്ചി രുന്നുവെങ്കിലും അനുകൂലമായ തീരുമാനം ഇതുവരെ ഉണ്ടായിട്ടില്ല. |
| (ബി) | എങ്കിൽ കുറഞ്ഞ നിരക്കിൽ അങ്ങാടിപ്പുറം ഗോഡൗണിൽ നിന്നും അരി എത്തിയ്ക്കാമെന്നിരിക്കെ മറ്റ് ജില്ലയിലെ ഗോഡൗണിനെ ആശ്രയിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. അങ്ങാടിപ്പുറം എഫ് സി ഐ ഡിപ്പോയിൽ നിന്ന് ലഭിക്കേണ്ട ധാന്യങ്ങൾ ഒലവക്കോട് എഫ് സി ഐ ഡിപ്പോയിലേക്ക് ഡൈവേർട്ട് ചെയ്തു വരുന്ന നടപടി എഫ് സി ഐ യുടെ മാത്രം തീരുമാനപ്രകാരമുള്ളതാണ്. കടത്തുകൂലിയിനത്തിൽ നഷ്ടമുള്ളതിനാലും സമയബന്ധിതമായി ലോഡുകൾ വിട്ടുകിട്ടാത്ത സാഹചര്യമുള്ളതിനാലും പ്രസ്തുത ഡൈവേർഷൻ ഒഴിവാക്കുന്നതിന് എഫ് സി ഐ യോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും അനുകൂലമായ തീരുമാനം ഇതുവരെ ഉണ്ടായിട്ടില്ല. |
| (സി) | ഇത്തരത്തിൽ ഒലവക്കോട് നിന്നും എത്തിക്കുന്ന അരി പഴകിയതും ദ്രവിച്ച ചാക്കുകളിൽ സംഭരിച്ചതും ആയതിനാൽ പലപ്പോഴും വിതരണത്തിന് നൽകാൻ കഴിയാത്ത സാഹചര്യമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഒലവക്കോട് നിന്നും വരുന്ന ചില ലോഡുകളിൽ മോശം ചാക്കുകളിൽ ഭക്ഷ്യധാന്യങ്ങൾ വരുന്ന സാഹചര്യമുണ്ടാവാറുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ എഫ് സി ഐ യുമായി ബന്ധപ്പെട്ട് ഇത്തരത്തിലുള്ള പ്രവണതകൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) | മലപ്പുറം ജില്ലയിൽ അരി വിതരണം ചെയ്യുന്നതിന് ഒലവക്കോട് ഗോഡൗണിനെയും അങ്ങാടിപ്പുറത്ത് നിലവിലുള്ള ഗോഡൗണിനെയും ആശ്രയിക്കുമ്പോൾ ഉള്ള ചെലവിലെ വ്യത്യാസം താരതമ്യം ചെയ്ത് അറിയിക്കാമോ? | (ഡി) | മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ, നിലമ്പൂർ, ഏറനാട് എന്നീ താലൂക്കുകളിലേക്കുള്ള ധാന്യമാണ് അങ്ങാടിപ്പുറത്തു നിന്ന് ലഭിക്കേണ്ടത്. നോർമൽ NFSA വിഭാഗത്തിൽ ഒരു മാസം 150 ലോഡുകളാണ് പാലക്കാട് ഡിവിഷണൽ മാനേജർ |

| | | | |
|---|---|---|---|
| | | | ഇത്തരത്തിൽ ഒലവക്കോട് ഡിപ്പോയിലേക്ക് ഡൈവേർട്ട് ചെയ്തു വരുന്നത്.<br><br>മേൽ പറയപ്പെട്ട താലൂക്കുകളിലേക്ക് അങ്ങാടിപ്പുറത്തു നിന്നും ഒലവക്കോട് നിന്നും ഭക്ഷ്യധാന്യങ്ങൾ വിട്ടെടുക്കുമ്പോഴുള്ള ചെലവിലെ താരതമ്യം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ഭക്ഷ്യധാന്യങ്ങൾ ലഭ്യമാകേണ്ട താലൂക്ക് | ഒലവക്കോട് എഫ് സി ഐ യിൽ നിന്നുമുള്ള നിരക്ക് (രൂപ/ക്വിന്റൽ) | അങ്ങാടിപ്പുറം എഫ് സി ഐ യിൽ നിന്നുമുള്ള നിരക്ക് (രൂപ/ക്വിന്റൽ) |
|---|---|---|
| പെരിന്തൽമണ്ണ | 90 | 50.64 |
| ഏറനാട് | 109.70 | 66 |
| നിലമ്പൂർ | 126.40 | 95 |